**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജൈവ-അജൈവ മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് ജനകീയപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; അവ പൂർണ്ണമായും ഫലപ്രാപ്തി കൈവരിച്ചിട്ടുണ്ടോ; എത്ര തദ്ദേശസ്ഥാപനങ്ങൾ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കിവരുന്നു. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിച്ച് മിനി എം.സി.എഫുകളിലും എം.സി.എഫുകളിലും ആർ.ആർ.എഫു കളിലും എത്തിക്കുന്നതിനായി ഹരിതകർമ്മസേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ പദ്ധതികളുടെ വിജയത്തിനായി വാർഡ് തല ആരോഗ്യ-ശുചിത്വ-പോഷണസമിതികൾ, സന്നദ്ധ സംഘടനകൾ, സ്കൂൾ കോളേജ് തല സംഘടനകൾ, റെസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, വിദ്യാർത്ഥികൾ, യൂത്ത് ക്ലബുകൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ജനകീയ വിദ്യാഭ്യാസ പരിപാടി നടപ്പാക്കുന്നു. സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് നടപ്പാക്കുന്നത്. കൂടാതെ മാലിന്യത്തിന്റെ ഉത്പാദനം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പൊതുജനപങ്കാളിത്തത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയ്ൻ നടപ്പാക്കിവരുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിന് ജില്ലാ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ കണ്ടെത്തിയിട്ടുള്ളയിടങ്ങളിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കർമ്മ പദ്ധതി തയാറാക്കുന്നതിന് നിർദേശം നല്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തോടെ നിരീക്ഷിക്കുന്നതിനും കേന്ദ്രീകൃതമായി ഏകോപിപ്പിക്കുന്നതിനും ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കെൽട്രോണിന്റെ സഹായത്താൽ സ്മാർട്ട് ഗാർബേജ് ആപ്പ് വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹരിതകേരള മിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ശുചിത്വ ഓഡിറ്റ് പദ്ധതിയുടെ ഭാഗമായി ഇതുവരെ ഖരമാലിന്യ സംസ്കരണത്തിൽ ശുചിത്വ പദവി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ എണ്ണം-789 ആണ് (ഗ്രാമപഞ്ചായത്തുകളുടെ എണ്ണം- 715, മുൻസിപാലിറ്റി-71, കോർപ്പറേഷൻ-3). സംസ്ഥാനത്ത് സമ്പൂർണ ശുചിത്വ പദവി ഒരു തദ്ദേശസ്വയംഭരണ സ്ഥാപനവും നേടിയിട്ടില്ല. |
| (ബി) | അജൈവ മാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത സൗകര്യങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (ബി) | അജൈവമാലിന്യങ്ങളുടെ ശേഖരണം, സംഭരണം, പുന:ചംക്രമണം, ശാസ്ത്രീയമായ സംസ്കരണം എന്നിവ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ നൽകുന്ന ചുമതലയാണ് ക്ലീൻ കേരള കമ്പനി ഏറ്റെടുത്തിട്ടുള്ളത്. റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കൽ, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ ഉത്പാദനം, ഇ-വേസ്റ്റ് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുന:ചംക്രമണവും, ആപത്കരമായ ഇലക്ട്രിക്കൽ മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ പുന:ചംക്രമണവും, ഗ്ലാസ്, ചില്ലു കുപ്പികൾ എന്നിവയുടെ ശേഖരണവും സംസ്കരണവും എന്നിവ അജൈവമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ക്ലീൻ കേരള കമ്പനി നടപ്പാക്കിവരുന്നു. ഇതോടൊപ്പം മഴക്കാലപൂർവ്വ ശുചീകരണത്തിന്റെയും ദേശീയ പാതയോര ശുചീകരണത്തിന്റെയും ഭാഗമായി ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി നീക്കം ചെയ്യുന്നുണ്ട്. കൂടാതെ സംയോജിത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനം, സാനിറ്ററി ലാൻഡ് ഫില്ലുകളുടെ നിർമ്മാണം, റീസൈക്കിളിങ് യൂണിറ്റുകളുടെ നിർമ്മാണം, ലെഗസി വേസ്റ്റ് നീക്കംചെയ്യൽ ഉടങ്ങിയവയും ക്ലീൻ കേരള കമ്പനി ഏറ്റെടുത്ത് നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സീറോവേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി നടപ്പാക്കുന്നതിനായി താഴെപ്പറയുന്ന 14 നഗരസഭകളെ തിരഞ്ഞെടുത്ത് പ്രവർത്തനം നടത്തിയിരുന്നു. നിലവിൽ ശുചിത്വ പദവി നൽകുന്ന ക്യാമ്പയിനായി ഇതിനെ മാറ്റിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിനിൽ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. 1) വർക്കല നഗരസഭ 2) പുനലൂർ നഗരസഭ 3) പത്തനംതിട്ട നഗരസഭ 4) മാവേലിക്കര നഗരസഭ 5) വൈക്കം നഗരസഭ 6) കട്ടപ്പന നഗരസഭ 7) നോർത്ത് പറവൂർ നഗരസഭ 8) കുന്നംകുളം നഗരസഭ 9) ചിറ്റൂർ-തത്തമംഗലം നഗരസഭ 10) പെരിന്തൽമണ്ണ നഗരസഭ 11) കൊയിലാണ്ടി നഗരസഭ 12) കൽപ്പറ്റ നഗരസഭ 13) മട്ടന്നൂർ നഗരസഭ 14) കാഞ്ഞങ്ങാട് നഗരസഭ ഇതിൽ താഴെപ്പറയുന്ന 8 നഗരസഭകൾ സീറോവേസ്റ്റ് ഓൺഗ്രൗണ്ടായി സ്വയം പ്രഖ്യാപിച്ചിട്ടുണ്ട്. 1) പുനലൂർ നഗരസഭ 2) മാവേലിക്കര നഗരസഭ 3) വൈക്കം നഗരസഭ 4) നോർത്ത് പറവൂർ നഗരസഭ 5) ചിറ്റൂർ-തത്തമംഗലം നഗരസഭ 6) കൊയിലാണ്ടി നഗരസഭ 7) കൽപ്പറ്റ നഗരസഭ 8) മട്ടന്നൂർ നഗരസഭ |

സെക്ഷൻ ഓഫീസർ